**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനം–2019
## പുതുക്കിയ സംസ്ഥാന മെഡിക്കൽ, ആയുർവേദ റാങ്ക് പ്രസിദ്ധീകരിച്ചു

**2019**-ലെ മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി അപേക്ഷിച്ചിട്ടുള്ളവരും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്ക് **നീറ്റ് യു.ജി 2019** ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് **16.06.2019–ലെ** വിജ്ഞാപനപ്രകാരം സമർപ്പിച്ചിട്ടുള്ളവരുമായ അപേക്ഷകരുടെ സംസ്ഥാന മെഡിക്കൽ/ ആയുർവേദ റാങ്ക് പ്രവേശന പരീക്ഷാകമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ 26.06.2019–ന് പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ, നീറ്റ് സ്കോർ കൃത്യസമയത്ത് സമർപ്പിച്ച രണ്ട് വിദ്യാർത്ഥികൾ റാങ്ക്ലിസ്റ്റിൽ ഉൾപ്പെടുത്തിയില്ല എന്നു പരാതിപ്പെടുകയും, ആയത് വിശദമായി പരിശോധിക്കുകയും, പരിശോധനയിൽ ഡാറ്റാ അപ്ഡേഷനിൽ ഉണ്ടായ സാങ്കേതികപ്പിഴവ് മൂലം റാങ്ക്ലിസ്റ്റിൽ ഉൾപ്പെടുത്താൻ വിട്ടുപോയി എന്നത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി വിദ്യാർത്ഥികളെ കൂടി റാങ്ക്ലിസ്റ്റിൽ ഉൾപ്പെടുത്തി പുതുക്കിയ സംസ്ഥാന മെഡിക്കൽ/ ആയുർവേദ റാങ്ക് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ബഹു. സുപ്രീംകോടതി **11.05.2018–ൽ** പുറപ്പെടുവിച്ച ഉത്തരവ് **WP(C)നം.1972/2018** പ്രകാരം **05.05.1994**–ന് മുൻപ് ജനിച്ച ജനറൽ വിഭാഗക്കാരെയും **05.05.1989**–ന് മുൻപ് ജനിച്ച **SC/ ST/ SEBC/PWD** വിഭാഗക്കാരെയും ഉൾപ്പെടുത്തിയിരിക്കുന്നത് താത്കാലികമായാണ്. ഇതു ബഹു. സുപ്രീം കോടതിയുടെ അന്തിമവിധിക്ക് വിധേയമായിരിക്കും. വിദ്യാർത്ഥികൾ **'KEAM 2019- Candidate Portal'** എന്ന ലിങ്കിലൂടെ അപ്ലിക്കേഷൻ നമ്പരും പാസ്വേഡും നൽകി അവരവരുടെ ഹോംപേജിൽ പ്രവേശിച്ച് **'Result'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ റിസൽട്ട് ലഭ്യമാകുന്നതാണ്. സംസ്ഥാന റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസിലെ ക്ലോസ് 6 പ്രകാരമുള്ള യോഗ്യതകൾ പ്രവേശന സമയത്ത് വിദ്യാർത്ഥി നേടിയിരിക്കണം.

തിരുവനന്തപുരം
27.06.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**